# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 22** **28.01.2019 -ൽ മറുപടിക്ക്.**

## അർഹതപ്പെട്ടവരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ജെ.ജോസഫ്**<br>**,, റോഷി അഗസ്റ്റിൻ**<br>**,, മോൻസ് ജോസഫ്**<br>**,, സി.എഫ്.തോമസ്:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ വിതരണത്തിൽ മുൻഗണനാ ലിസ്റ്റിൽ നിന്നും അർഹതപ്പെട്ട പലരും ഒഴിവാക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) റേഷൻ വിതരണത്തിന് തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ നിന്നും അർഹതപ്പെട്ട പലരും ഒഴിവാക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാപട്ടികയിലുൾപ്പെടുത്താവുന്നവരുടെ പരിധി 15480030 ആണ്. എന്നാൽ അതിലും അധികം അർഹർ ഉണ്ടെന്നത് വാസ്തവമാണ്. ഇപ്രകാരം മുൻഗണനാപട്ടിക തയ്യാറാക്കുമ്പോൾ അർഹതയുള്ള പലരും ലിസ്റ്റിൽ ഉൾപ്പെടാതെ പോകുന്നതിനുള്ള പ്രധാന കാരണമിതാണ്. |
| (ബി) എങ്കിൽ അർഹതപ്പെട്ടവരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ തുടരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015ന്റെ ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികകളുടെ ശുദ്ധീകരണം തുടർ പ്രക്രിയയായതിനാൽ തദ്ദേശസ്വയം ഭരണം, മോട്ടർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം വഴി ഡാറ്റാ മാപ്പിംഗ് നടത്തി എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിലും നൽകി ഫീൽഡ്തല പരിശോധന നടത്തി അനർഹരെ കണ്ടെത്തിയിട്ടുള്ളതാണ്. നാളിതുവരെ ആകെ 2,86,677 കുടുംബങ്ങളെ അനർഹരെന്ന് കണ്ടെത്തി പ്രസ്തുത ഒഴിവുകളിൽ ഓരോ താലൂക്കിലും അദാലത്ത് നടത്തി തയ്യാറാക്കിയിട്ടുള്ള അർഹരുടെ സപ്ലിമെന്ററി പട്ടികയിൽ നിന്നും ക്രമമനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കുന്ന പ്രക്രിയയും ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും തുടർന്നു വരുന്നു. ഇങ്ങനെ ഉൾപ്പെടുത്തിയതിൽ ഇതുവരെ 15226 കുടുംബങ്ങൾക്ക് എ.എ.വൈ കാർഡുകളും 269203 കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകളും വിതരണം ചെയ്തിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*